കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ് തിരുവനന്തപുരംജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail: lfadtvm@yahoo.in
dotvm.ksad@kerala.gov.in

നം.കെ.എസ്.എ.ജി.പി6/343/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,തീയതി: 26. 5.2020

ഫോൺ. 0471 2331231

ഇ-മെയിൽ lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കരകുളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കരകുളം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്.

നം കെ.എസ്.എ.റ്റി.വി.എം.ജി.പി6/343/2020 തിയതി:26.5.2020

<u>തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31.10.2018 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ എം.ഷാജഹാൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.02.2020 മുതൽ 19.02.2020 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി ശ്രീജ.കെ<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി അസീന.എ.പി ,<br>സീനിയർ ഗ്രേഡ്ഓഡിറ്റർ<br>ശ്രീ.പ്രേംനാഥ്.ജി.കെ,<br>സീനിയർ ഗ്രേഡ്ഓഡിറ്റർ<br>ശ്രീമതി സീന.കെ,<br>സീനിയർ ഗ്രേഡ്ഓഡിറ്റർ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതിഎം.എസ്.അനില | 01.04.2018 മുതൽ 31.03.2019 വരെ |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ സുമേഷ്.കെ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി നിഷ.എസ്.കെ | 01.04.2018 മുതൽ 06.03.2019 വരെ |
| | ശ്രീ രഞ്ജിത്ത് രാജ് | 07.03.2019 മുതൽ 12.03.2019 വരെ |
| | ശ്രീമതി സജനി.എസ്.ആർ നായർ | 13.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | ഡോ.ജാസ്മിൻ.എസ്.എം | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.അജിത.ബി.എസ് | 01.04.2018 മുതൽ 24.07.2018 വരെ |
| | ഡോ.ഡി. ലീന തോമസ് | 25.07.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ.പ്രമോദ് കുമാർ.സി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി സരിത.കെ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (1) | ശ്രീ ദിജു.എസ്.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (2) | ശ്രീ ഉണ്ണികൃഷ്ണൻ.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| എച്ച്.എം. എൽ.പി.ബി.എസ് | കുമാരി ആർ.എൽ.ജലജ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ സഞ്ജു.പി.നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | കുമാരി ശ്രീദേവി.സി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ അജിത് കുമാർ.എ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| | ഭാഗം 1 | |
|---|---|---|
| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |

| | | |
|---|---|---|
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ബജറ്റ് രൂപീകരണം ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല | 1-12 |
| 13 | വസ്തു നികുതി നിർണയം-സഞ്ചയ സോഫ്റ്റ് വെയർ പ്രവർത്തനം- അപാകങ്ങൾ | 1-13 |
| 14 | അംഗീകൃത പെർമ്മിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം - ക്രമവൽക്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല. | 1-14 |
| 15 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി പുതുക്കി തയ്യാറാക്കിയിട്ടില്ല. | 1-15 |
| 16 | റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കേണ്ടാതാണ്. | 1-16 |
| 17 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. | 1-17 |
| 18 | പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി വാടക കുടിശികയായ 25608/- രൂപ ഈടാക്കേണ്ടതാണ്. | 1-18 |
| 19 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ്. | 1-19 |
| 20 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ | 1-20 |
| 21 | വരവ് തുക പൂർണ്ണമായും ഒടുക്കു വരുത്തിയിട്ടില്ല | 1-21 |
| 22 | മിഷൻ കരകുളം -കായികപ്രതിഭകളെ വാർത്തെടുക്കൽ- ചെലവ് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല- 18000/- രൂപ തടസ്സത്തിൽ വക്കുന്നു. | 1-22 |
| 23 | ഗ്രാമപഞ്ചായത്തിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ-പൂർത്തീകരണറിപ്പോർട്ട് , ചെലവ് വിശദാംശങ്ങൾ എന്നിവ ഹാജരാക്കേണ്ടതാണ് | 1-23 |
| 24 | ഓഡിയോ വിഷ്വൽ ഡോക്യുമെന്റേഷൻ-ചെലവ് -അക്കൗണ്ടിങ്ങിൽ അപാകം | 1-24 |
| 25 | കുടിവെള്ളം , മാലിന്യ സംസ്കരണം -അനിവാര്യ ചുമതലകൾ - പദ്ധതികൾ ലക്ഷ്യ പ്രാപ്തി നേടുന്നില്ല. | 1-25 |
| 26 | ഐ.കെ.എം ന് വിഹിതം നൽകൽ - അധികച്ചെലവ് | 1-26 |
| 27 | എൽഇഡി വിളക്കുകളും അനുബന്ധ ഉപകരണങ്ങളുംവാങ്ങൽ-പ്രോജക്ട് നടപ്പാക്കിയതിൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.122400/- രൂപ തടസ്സത്തിൽ വെക്കുന്നു. | 1-27 |
| 28 | തെരുവ് വിളക്കു ഉപകരണങ്ങളും സ്പെയർ പാർട്സും വാങ്ങൽ- അപാകങ്ങൾ | 1-28 |
| 29 | പഞ്ചായത്ത് ഫ്രണ്ട് ഓഫീസിന് എ.സി, ഫർണിച്ചർ,അനുബന്ധസൗകര്യങ്ങൾ അധികച്ചെലവ് 51000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-29 |
| 30 | കായികക്ഷേമം- സ്പോർട്സ് ക്ലബ്ബുകളുടെ മീറ്റും ക്യാമ്പും നടത്തിപ്പിലെ അപാകങ്ങൾ | 1-30 |
| 31 | കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും എ.എം.സി | 1-31 |

| | | |
|---|---|---|
| | അധികചെലവ് | |
| 32 | യോജിക്കുന്ന വിലകുറഞ്ഞ ഇനം ഒഴിവാക്കി, വിലയേറിയ ഇനം പ്രവൃത്തിയിൽ ഉൾപ്പെടുത്തി-14186 രൂപ നിരാകരിക്കുന്നു. | 1-32 |
| 33 | ടാറിങ്ങിനുള്ള ബിറ്റുമിന്റെ അളവ് കണക്കാക്കുന്നതിന് എൻജിനിയറിംഗ് വിഭാഗം തയ്യാറാകേണ്ടതാണ്. | 1-33 |
| 34 | ആസ്തി വിവരങ്ങൾ കൃത്യവും കാലികവുമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. | 1-34 |
| 35 | കിണർ റീചാർജ്ജിംഗ്- പദ്ധതി ചെലവ് ശതമാനം കുറവ് | 1-35 |
| 36 | സ്ഥാപനമേധാവിയിൽ നിന്നുള്ള കോസ്റ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല-27280/-രൂപ തടസ്സപ്പെടുത്തുന്നു. | 1-36 |
| 37 | സേവന പുസ്തകങ്ങൾ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ | 1-37 |
| 38 | യാത്രാബത്ത അനുവദിക്കുന്നതിൽ അപാകം- അധികച്ചെലവ് ഒഴിവാക്കേണ്ടതാണ് | 1-38 |
| | <u>ഭാഗം 2</u> | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല | |
| | <u>ഭാഗം 3</u> | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 39 | യോജിക്കുന്ന വിലകുറഞ്ഞ ഇനം ഒഴിവാക്കി, വിലയേറിയ ഇനം പ്രവൃത്തിയിൽ ഉൾപ്പെടുത്തി-14186 രൂപ നിരാകരിക്കുന്നു. | 3-1 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 40 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 41 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 42 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 44 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 46 | ഓഡിറ്റ് റിക്കവറി | 4-7 |
| 47 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 48 | ചാർജ്ജ് സർചാർജ്ജ് നടപടികൾ | 4-9 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-11 |


# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്</u>.

# 1-1 ബജറ്റ്

8.03.2018-ാം തീയതിയിലെ 1(1)ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 25.05.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 37089149 |
| വരവ് | 201535752 |
| ആകെ | 238624901 |
| ചെലവ് | 184942824 |
| നീക്കിയിരിപ്പ് | 53682077 |

# 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം) 2018-19

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 36156752 | 36156752 | 36156752 | 0 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 11803000 | 11803000 | 11803000 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 16331545 | 16331545 | 16331545 | 0 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 0 | 6048800 | 6048800 | 6048800 | 0 |
| സംരക്ഷണഗ്രാന്റ്(റോഡ്) | 0 | 14450000 | 14450000 | 14450000 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 4368 | 630467 | 634835 | 606304 | 28531 |
| ജനറൽ പർപ്പസ് ഗ്രാന്റ്(treasury TSB) | -1125991 | 18524306 | 17398315 | 5553556 | 11844759 |
| ബി ഫണ്ട് | 0 | 1257210 | 1257210 | 1257210 | 0 |
| എസ്.ബി.ഐ ഇ-പേമെന്റ്(property tax) | 145971 | 737645 | 883616 | 0 | 883616 |
| എസ്.ബി.റ്റി ഓൺ ഫണ്ട് | 7497418 | 121949170 | 129446588 | 119994379 | 9452209 |
| എസ്.ബി.റ്റി ഇ-ലിറ്ററസി | 3425 | 120 | 3545 | 0 | 3545 |
| സർവ്വീസ് കോ-ഒപ്പറേറ്റീവ് ബാങ്ക് ഓൺ ഫണ്ട് | 31414670 | 2350762 | 33765432 | 3382159 | 30383273 |
| എസ്.ബി.റ്റി പെൻഷൻ അക്കൗണ്ട് | 1419 | 52 | 1471 | 0 | 1471 |

| | | | | | |
|---|---|---|---|---|---|
| ട്രഷറി റ്റി.എസ്.ബി ജോയിന്റ് വെഞ്ചർ | -1028959 | 7726928 | 6697969 | 6448268 | 249701 |
| തനത് ഫണ്ട് (vpfa 1&2) | 176828 | 0 | 176828 | 0 | 176828 |
| ഫെഡറൽ ബാങ്ക്(CCTV) | 0 | 31110 | 31110 | 0 | 31110 |
| ക്യാഷ് | 0 | 627034 | 627034 | 0 | 627034 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 261 | 249656917 | 197 | 147390954 | -- | 64 | 75 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4368 | 630467 | 634835 | 606304 | 28531 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 29598272 | 29598272 | 29598272 | 0 |
| ആകെ | 4368 | 30228739 | 30233107 | 30204576 | 28531 |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 837210 | 418 |
| കർഷകതൊഴിലാളി പെൻഷൻ | 3975100 | 305 |
| വിധവാപെൻഷൻ | 29735100 | 2015 |
| വാർദ്ധക്യകാലപെൻഷൻ | 44363600 | 3350 |
| വികലാംഗപെൻഷൻ | 7414400 | 535 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 420000 | 14 |
| അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള ധനസഹായം | 1268000 | 98 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.02.2020ന പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ വൈകുന്നേരം 3.00 മണിക്ക് നടത്തുകയുണ്ടായി. പരിശോധനയിൽ 112768/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണസംവിധാനം ഫലപ്രദമായി നടപ്പാക്കുന്നത് ഗ്രാമ പഞ്ചായത്തിന്റെ വികസനത്തിനും പുരോഗതിക്കും അത്യാവശ്യമാണ്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടേയും പാലനത്തിൽ ജാഗ്രതക്കുറവുണ്ട്. രജിസ്റ്ററുകളുടേയും വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി കൃത്യത പുലർത്തേണ്ടതുണ്ട്. തനതുവരുമാന സംഭരണം,പദ്ധതിപ്പണം ചെലവാക്കൽ എന്നിവയിൽ സാരമായ അപാകങ്ങൾ നിരീക്ഷിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്.

പ്രധാനനിരീക്ഷണങ്ങൾ താഴെ പറയുന്നു.

- <u>പൊതുവായ ആഭ്യന്തര നിയന്ത്രണം</u>
- ജീവനക്കാരുടെ ജോലി വിഭജനം ഓഫീസ് ഓർഡർ മുഖേന കൃത്യമായി നിർണ്ണയിക്കുകയും വിലയിരുത്തപ്പെടുകയും ചെയ്തിട്ടുണ്ട്.
- റെക്കോർഡ് റൂം പരിപാലനം തൃപ്തികരമാണ്. എന്നാൽ രജിസ്റ്ററുകളുടെ പരിപാലനത്തിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതാണ്.
- ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.

<u>അക്കൗണ്ടിങ്ങ് സംവിധാനം</u>

- ബജറ്റ് തയ്യാറാക്കുന്നതിലും അക്കൗണ്ടിങ്ങ് രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിലും കൂടുതൽ ശ്രദ്ധ ആവശ്യമാണ്.
- <u>ഡി.സി.ബി ഇനങ്ങൾ- നികുതി നികുതിയേതരവരുമാനങ്ങൾ</u>

നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു

- വരവ് നിർണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.
- ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി ഡി&ഒ ലൈസൻസ് കൃത്യമായി ഈടാക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു.

<u>വസ്തു നികുതി നിർണ്ണയത്തിലെ അപാകങ്ങൾ</u>

- കെട്ടിട നിർമ്മാണവും വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.
- വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്റർ എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല.
- ലേല നടപടിക്രമങ്ങളിലെ അപാകങ്ങൾ വരവിനങ്ങളിലെ കുറവിനും അധികച്ചെലവിനും കാരണമാകുന്നു.
- ഡിമാൻഡ് കളക്ഷൻ ബാലൻസ് പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

- നികുതി പിരിച്ചെടുക്കുന്നതിന് ഊർജിത ശ്രമം നടത്തുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സത്വര ശ്രദ്ധ ചെലുത്തേണ്ടതാണ്.

<u>സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ</u>

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളും ഉത്തരവുകളും പാലിക്കുന്നതിൽ ജാഗ്രതക്കുറവുണ്ട്.

- <u>ആസ്തി സൂക്ഷിപ്പിലെ അപാകങ്ങൾ</u>
- പഞ്ചായത്തിലെ ആസ്തികൾ വർഷംതോറും ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല
- ജി ഒ (എം എസ് ) 255/13 ത.സ്വ.ഭ.വ തീയതി 18.7.2013ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
- <u>പദ്ധതി രൂപീകരണവും നടത്തിപ്പും</u>
- വിവിധ ഫണ്ടുകളുടെ വിന്യാസം ലഭ്യത എന്നിവ കണക്കിലെടുത്തുകൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ തലങ്ങളിൽ കൂടുതൽ ശ്രദ്ധ ഊന്നേണ്ടതുണ്ട്.
- കർമ്മപദ്ധതി തയ്യാറാക്കിയിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പിന്റെയും മോണിറ്ററിങ്ങ് സമിതിയുടേയും പ്രവർത്തനം തൃപ്തികരമല്ല. ഗ്രാമസഭായോഗങ്ങളിൽ ഉയർന്നു വരുന്നതും വർക്കിങ്ങ് ഗ്രൂപ്പ് ചർച്ച ചെയ്ത് തെരഞ്ഞെടുക്കപ്പെടുന്നതുമായ പല പ്രോജക്ടുകളും നടപ്പിലാക്കപ്പെടുന്നില്ല.
- സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ആവശ്യകത പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പരിഗണിക്കപ്പെട്ടിട്ടില്ല.
- മരാമത്ത് പ്രവൃത്തികൾ- അളവിലും നിരക്കിലും കൃത്യത പാലിച്ച് നടപ്പിലാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. <u>(ii)പൊതുഭരണം</u>
- 29.01.15ലെ ജി.ഒ.എം.എസ്.18/2015ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഗുണമേന്മയുള്ളതാക്കാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാൻ ഒരു പരിധി വരെ ശ്രമിച്ചിട്ടുണ്ട്. ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ ഓഫീസ് ക്രമീകരിക്കുകയും, പരാതികൾക്ക് ഇടനൽകാതെ സേവന കൗണ്ടർ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.
- <u>സേവന ഉപനികുതി ചുമത്തുന്നില്ല</u>
- ജലവിതരണം, തെരുവ് വിളക്ക് പരിപാലനം എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സേവനങ്ങൾക്ക് സേവനഉപനികുതി ചുമത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 200(2) വകുപ്പ് പ്രകാരം പഞ്ചായത്ത് ഏർപ്പെടുത്തുന്ന സേവനങ്ങൾക്ക് സേവനഉപനികുതി ചുമത്താവുന്നതാണ്. ജലവിതരണത്തിന് വസ്തുനികുതിയുടെ 3%ൽ കുറയാത്ത തുകയും തെരുവ് വിളക്കിന് 2% ൽ കുറയാത്ത തുകയും സേവനഉപനികുതിയായി ചുമത്താവുന്നതാണ്. തനത് വരുമാന വർദ്ധനവിനായി പുതിയ വരുമാന സ്രോതസ്സ് കണ്ടെത്തി പരമാവധി വിഭവ സമാഹരണം നടത്തുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.01.2020 | 11/19,12/19 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് | 19.10.2012 മുതൽ | 2007-08 മുതൽ | 01.03.2013 |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | 5.11.2012 വരെ | 2011-12 വരെ | |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

കെ.എസ്.എ.റ്റി.വി.എം.ജി.പി 6/1507/2019 തീയതി 26.08.2019-ാം നമ്പർ റിപ്പോർട്ട് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-12 ബജറ്റ് രൂപീകരണം ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ചട്ടങ്ങളും പ്രകാരം ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികളും സ്വീകരിച്ച നടപടിക്രമങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ചട്ടപ്രകാരമുള്ള തീയതി | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | ഡിസംബർ 15-ന് മുൻപ് കത്ത് നൽകിയതായി അറിയിച്ചു |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | വിവരങ്ങൾ ലഭ്യമാക്കിയില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | തീയതി ലഭ്യമാക്കിയില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 12.2.18 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 14.3.18 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 2.3.18 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 26.3.18 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 27.3.18 |

2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിനായി വിവിധ വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥർ, സ്റ്റാന്റിംഗ് കമ്മറ്റികൾ എന്നിവർ നൽകിയ നിർദ്ദേശങ്ങൾ, ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട ഫയൽ എന്നിവ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും കൃത്യമായി പാലിക്കേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

# 1-13 വസ്തു നികുതി നിർണയം-സഞ്ചയ സോഫ്റ്റ് വെയർ പ്രവർത്തനം- അപാകങ്ങൾ

വസ്തു നികുതി നിർണ്ണയം, സോഫ്റ്റ് വെയർ പ്രവർത്തനങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ നില നിൽക്കുന്നു

1. 2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സർചാർജ്ജും ചട്ടങ്ങൾ പട്ടിക 1ന്റെ അടിസ്ഥാനത്തിൽ വികസിതം, വികസനസാദ്ധ്യതയുള്ളത്, വികസനം കുറഞ്ഞത് എന്നീ മാനദണ്ഡപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം മുഴുവൻ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും ചട്ടങ്ങൾ 7(1) മുതൽ (5) വരെയുള്ള നിബന്ധനകൾ അനുസരിച്ച് പരസ്യപ്പെടുത്തേണ്ടതും വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചുപോരേണ്ടതുമാണ്. പ്രസ്തുത തരം തിരിവിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയത്തിൽ ഇളവുകൾ നൽകേണ്ടതുണ്ട്. എന്നാൽ കരകുളം ഗ്രാമപഞ്ചായത്തിൽ അപ്രകാരം മേഖല തിരിച്ച് മാപ്പിൽ രേഖപ്പെടുത്തി പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ഇളവുകൾ നൽകിയിട്ടുള്ളത് വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലല്ല . ഇതിനാൽ വസ്തു നികുതി മുഖേനയുള്ള വരവിൽ കുറവ് വരാൻ സാദ്ധ്യതയുണ്ട്.

2.വസ്തു നികുതി നിർണ്ണയത്തിന് മേൽക്കൂരയുടെ തരം, തറയുടെ തരം , കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യത ഉറപ്പാക്കുന്നതിന് ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 മാനുവലായി രേഖപ്പെടുത്തി അംഗീകരിച്ച് സൂക്ഷിക്കുന്നില്ല.ഇതുമൂലം ഇളവുകൾ/വർദ്ധനവുകൾ നൽകിയിട്ടുള്ളത് വ്യക്തമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് പരിശോധിക്കുവാൻ കഴിയുന്നില്ല.2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സർചാർജ്ജും ചട്ടങ്ങൾ 6 ന്റെ അടിസ്ഥാനത്തിലുള്ള ഇളവുകളും വർദ്ധനവുകളും എന്നതിൽ ആനുകൂല്യങ്ങൾ ക്രമപ്രകാരമാണോ നൽകിയിട്ടുള്ളതെന്ന് നിർണയിക്കാൻ കഴിയുന്നില്ല. അപാകങ്ങൾ വിശദീകരിക്കുന്നതിന് നൽകിയ എൻക്വയറി28ന് മറുപടി ലഭ്യമാക്കിയില്ല.

3.സഞ്ചയയിലെ വസ്തു നികുതി ഡി.സി.ബി പത്രികകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-14 അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം - ക്രമവൽക്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടില്ല.

അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അപ്രകാരമുള്ള നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം134 ന്റെ അടിസ്ഥാനത്തിൽ പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കിക്കൊണ്ട് നിർമ്മാണം ക്രമവത്കരിക്കാവുന്നതാണ്. എന്നാൽ നാല് വാർഡിൽ നിന്നുമുള്ള നമ്പറിംഗിനുള്ള അപേക്ഷകൾ തെരഞ്ഞെടുത്ത് പരിശോധിച്ചതിൽ അംഗീകൃത പെർമിറ്റിൽ നിന്ന് വ്യതിചലിച്ചുള്ള നിർമ്മാണങ്ങൾക്ക് പെർമിറ്റ് ഫീസിന്റെ ഇരട്ടി രാജിയാക്കൽ ഫീസായി ഈടാക്കിയ വിശദാംശങ്ങൾ ഫയലിൽ ചേർത്തിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | കെട്ടിട നമ്പർ | പെർമിറ്റ് നമ്പർ തീയതി | അംഗീകൃത പെർമിറ്റിൽ നിന്നും അധികമായി അനുവദിച്ച വിസ്തീർണ്ണം | ഈടാക്കേണ്ട ഫീസ്(പെർമിറ്റ് ഫീ+രാജിയാക്കലിന് ഇരട്ടി) |
|---|---|---|---|---|---|
| 1 | ദീപ. പി ഗോപിനാഥ് | 15/318 | 578/15-16 | 4.56 | 41/- (4.56x9) |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| 2 | വൃന്ദ.പി.നായർ | 15/318 A | 579/15-16 | 4.65 | 42/-(4.65x9) |
| | | | | | |

രാജിയാക്കൽ ഫീസ് ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റ് എൻക്വയറി (27) വഴി ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. അപാകങ്ങൾ പരിശോധിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-15 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി പുതുക്കി തയ്യാറാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല. പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യാപാരികൾ സ്വമേധയാ കൊണ്ടു വരുന്ന ലൈസൻസ് ഫീ മാത്രമാണ് ഈടാക്കുന്നത്. സ്ഥാപനം ഹാജരാക്കിയ ലൈസൻസ് രജിസ്റ്റർ പ്രകാരം 676 സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം 2118 വ്യാപാരസ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 2/20 നുള്ള മറുപടിയിൽ, പകുതിയിലധികം സ്ഥാപനങ്ങളും പ്രവർത്തന രഹിതമാണെന്നും നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കാമെന്നും അറിയിച്ചിട്ടുണ്ട്.

GO(P)No.80/2017/LSGD യുടെ അടിസ്ഥാനത്തിൽ മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ലൈസൻസ് ഫീ ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ്. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി മേൽ വിഷയത്തിലേയ്ക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-16 റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കേണ്ടതാണ്.

22.01.2019 ലെ (സി എസ്)എ9/764/2019 നമ്പർ ഉത്തരവ് പ്രകാരം റേഷൻ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീയും ഈടാക്കേണ്ടതാണെന്നിരിക്കെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 25 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീയും ഈടാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.2/20 നുള്ള മറുപടിയായി ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീയും ഈടാക്കുന്നതിനു അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

# 1-17 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 5 (1)പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതൊരു സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതാണന്നിരിക്കെ ,ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ അത്തരത്തിൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സാന്ത്വന മെഡിക്കൽ ലാബ്, മരുതൂർ |
| 2 | സാന്ത്വന മെഡിക്കൽ ലാബ്, കല്ലയം |
| 3 | DDRC SRL ഡയഗ്നോസിസ് പ്രൈവറ്റ് ലിമിറ്റഡ് |
| 4 | ഡോ.സ്മൈൽ ദന്തൽ ക്ലിനിക്ക്,കരകുളം |

| | |
|---|---|
| 5 | ശ്രീധരീയം മൾട്ടി സ്പെഷ്യാലിറ്റി ആയുർവേദ ക്ലിനിക്ക് |
| 6 | വി.ജെ ഹോസ്പ്പിറ്റൽ വട്ടപ്പാറ |
| 7 | ആരാധന ക്ലിനിക്ക് |
| 8 | മുക്തി ഹീലിംഗ് |
| 9 | ആയുർവേദ /അങ്ങാടി മരുന്നുകൾ (ഉമേഷ് .എം.നായർ) |
| 10 | ഫെയ്സ് ദന്തൽ ക്ലിനിക്ക് |

മേൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിനം.2/20നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-18 പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി വാടക കുടിശികയായ 25608/- രൂപ ഈടാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി നമ്പർ II ൽ പ്രവർത്തിക്കുന്ന കരകുളം സർവ്വീസ് സഹകരണ ബാങ്കിന്റെ 'ന്യായവില അരിക്കട' എന്ന സ്ഥാപനത്തിൽ നിന്നും 2018-19 ൽ ലഭിക്കുവാനുള്ള 16128/- രൂപയും മുൻവർഷത്തെ കുടിശികയായ 9480/- രൂപയുമുൾപ്പെടെ 25608/-രൂപ ലഭിക്കുവാനുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 2/20 നുള്ള മറുപടിയിൽ വാടക കുടിശിക ഈടാക്കുവാൻ കരകുളം സർവ്വീസ് സഹകരണ ബാങ്കിനു കത്തു നൽകിയതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-19 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ്.

വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

| ക്രമ നം | സ്ഥാപനം | കെട്ടിട നം | വർഷം | ഒടുക്കുവാനുള്ള തുക |
|---|---|---|---|---|
| 1 | ബി.എസ്.എൻ.എൽ | 21/388/A | 2013-14 മുതൽ 2016-17 വരെ | 25412/- |
| 2 | ബി.എസ്.എൻ.എൽ | 20/495/A | 2013-14 മുതൽ 2016-17 വരെ | 23096/- |
| 3. | ബി.എസ്.എൻ.എൽ | 1/880/A | 2013-14 മുതൽ 2016-17 വരെ | 24144/- |
| 4. | റിലയൻസ് ജിയോ ഇൻഫോകോം | 10/593/A | 2018-19 | 1890/- |
| 5 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 16/3/A | 2018-19 | 1646/- |

മേൽ സ്ഥാപനങ്ങളിൽ നിന്നും കുടിശിഖ പിരിക്കുന്നതിനുള്ള റവന്യൂ റിക്കവറി നടന്നു വരുന്നതായി ഓഡിറ്റ് എൻക്വയറി നം 2/20 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-20 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകതകൾ

(a)തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 3 സെക്ഷൻ 204(1) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയമായിരിക്കുമെന്നിരിക്കെ ഗ്രാമപഞ്ചായത്തിലെ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അടവാക്കുവാനുള്ള കാലയളവ് |
|---|---|---|
| 1 | MIR Realtors-8 th stone Karakulam | I,II അർദ്ധവർഷങ്ങൾ |
| 2 | BSNL വഴയില | I,II അർദ്ധവർഷങ്ങൾ |

തൊഴിൽ നികുതി ഈടാക്കി വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(b) തൊഴിൽ നികുതി ഓഡിറ്റ് പരാമർശത്തെതുടർന്ന് അടവാക്കി

പോത്തൻസ് ഹ്യൂണ്ടായി എന്ന സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി അടവാക്കാത്തതു സംബന്ധിച്ച് 12.02.2020 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.2/20 നുള്ള മറുപടിയിൽ പ്രസ്തുത സ്ഥാപനം രണ്ടു അർദ്ധ വർഷങ്ങളിലുമായി ഒടുക്കാനുണ്ടായിരുന്ന 76682/-രൂപ (35942/-) ഒന്നാം അർദ്ധ വർഷം, 40740/- രണ്ടാം അർദ്ധ വർഷം) 24.2.2020-ാം തീയതിയിലെ രസീതു നമ്പർ 119470107464, 119470500113, 119470500114 പ്രകാരം ഓഡിറ്റ് പരാമർശത്തെ തുടർന്ന് അടവാക്കിയതായി അറിയിച്ചു.

# 1-21 വരവ് തുക പൂർണമായും ഒടുക്ക് വരുത്തിയിട്ടില്ല

2018-19 സാമ്പത്തിക വർഷത്തിലെ 10691 ാം നമ്പർ രസീത് ബുക്ക് പരിശോധിച്ചതിൽ 30.04.2018 ൽ 27319/-രൂപയാണ് വരവ് വന്നതെങ്കിലും 26639/-രൂപ മാത്രമാണ് അടവാക്കിയിരിക്കുന്നത്.680/-രൂപയുടെ വ്യത്യാസമുണ്ടായത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/20) നു മറുപടി ഹാജരാക്കിയില്ല. ഒടുക്കിൽ കുറവ് വരുത്തിയ തുകയായ 680/- രൂപ ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-22 മിഷൻ കരകുളം -കായികപ്രതിഭകളെ വാർത്തെടുക്കൽ- ചെലവ് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല- 18000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 165/19(SO) |
| പേര് | മിഷൻ കരകുളം - കായികപ്രതിഭകളെ വാർത്തെടുക്കൽ- |
| അടങ്കൽ | 510000 |
| ചെലവ് | 18000 |
| ചെക്ക് നമ്പർ, തീയതി | ലഭ്യമായിട്ടില്ല |

| | |
|---|---|
| ഫണ്ട് | തനത് ഫണ്ട് |
| നിർവഹണം | സെക്രട്ടറി |

പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ കഴിവുകൾ വളർത്തുന്നതിനുള്ള പദ്ധതിയായി കുട്ടികൾക്ക് പോഷകാഹാരം, സ്പോർട്ട്സ് സാധനങ്ങൾ എന്നിവ വാങ്ങൽ, പരിശീലകർക്ക് ഓണറേറിയം തുടങ്ങിയ ഇനങ്ങളുൾപ്പെടുത്തി സ്പിൽ ഓവറായി 510000/- രൂപ അടങ്കൽ നിശ്ചയിച്ച് നടപ്പിലാക്കിയ മേൽപ്രോജക്ടിൽ സുലേഖ ചെലവ് പത്രിക പ്രകാരം 18000/- രൂപ മാത്രമാണ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് .പ്രസ്തുത ഫയൽ പരിശോധിച്ചതിൽ ഏതൊക്ക ഇനങ്ങളിൽ ആണ് പരിശീലനം നടത്തിയത്, എത്ര കുട്ടികൾക്ക് പരിശീലനം നല്കി, 5/5/18 ലെ സാംഖ്യബിൽ പ്രകാരമുള്ള 18000/- രൂപയുടെ ചെലവ് ഏതിനങ്ങളിലാണ്, എന്നതിന്റെ വിശദാംശങ്ങളും ചെലവ് രേഖകളും ലഭ്യമായിട്ടില്ല. പ്രസ്തുത വിശദാംശങ്ങൾ, പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 6 ന് കരകുളം ഹയർസെക്കന്ററി സ്കൂൾ കേന്ദ്രീകരിച്ച് 57 കുട്ടികൾക്കും വട്ടപ്പാറ സ്കൂൾ കേന്ദ്രീകരിച്ച്42 കുട്ടികൾക്കും പരിശീലനം നൽകി വരുന്നതായും ആവശ്യമായ സ്പോർട്സ് സാധനങ്ങൾ മുൻ വർഷത്തിൻ വാങ്ങിയിട്ടുള്ളതായും പരിശീലകർക്ക് വേതനമായി 108000/- (36000/- രൂപ വീതം 3 പേർക്ക്)നല്കിയിട്ടുള്ളതായും അറിയിച്ചു. പ്രസ്തുത ചെലവ് 2017-18 ലേതാണ്. പ്രവൃത്തിയുടെ മോണിറ്ററിങ്ങ് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവഹിക്കുന്നതായും അറിയിച്ചു. എന്നാൽ മോണിറ്ററിങ്ങ്റിപ്പോർട്ട് ഹാജരാക്കിയില്ല. 2018-19 ൽ നടന്ന ചെലവ് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 18000/- രൂപ തടസ്സത്തിൽ വക്കുന്നു.

# 1-23 ഗ്രാമപഞ്ചായത്തിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ-പൂർത്തീകരണറിപ്പോർട്ട് , ചെലവ് വിശദാംശങ്ങൾ എന്നിവ ഹാജരാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ | 157/19(SO) |
| പേര് | കരകുളം ഗ്രാമപഞ്ചായത്തിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ |
| അടങ്കൽ | 1000000 |
| ചെലവ് | 880000 |
| ചെക്ക് നമ്പർ, | 765316, തീയതി 19.7.18 |
| ഫണ്ട് | തനത് ഫണ്ട് |
| നിർവഹണം | സെക്രട്ടറി |

ഗ്രാമ പഞ്ചായത്തിലെ ഊർജ്ജാവശ്യങ്ങൾക്കായി 10 KW വൈദ്യുതി ഉൽപ്പാദിപ്പിക്കാനായി സൗരോർജ്ജ വൈദ്യുതി ഉപയോഗിക്കുകയും മിച്ചമുള്ള വൈദ്യുതി കെ.എസ്.ഇ ബി ക്ക് കൈമാറുകയും ചെയ്യുന്ന പ്രസ്തുത പ്രോജക്ട് അനർട്ട് മുഖേന ഡെപ്പോസിറ്റ് വർക്കായി നടപ്പാക്കുന്നതിനാണ് വിഭാവനം ചെയ്തത്. ഇതിനായി 16.4.18ൽ അനർട്ടിന്റെ റിപ്പോർട്ടും എസ്റ്റിമേറ്റും ലഭ്യമായി .19.7.18 ലെ ചെക്ക് പ്രകാരം 880000/- രൂപ അനർട്ടിന് കൈമാറിയിട്ടുമുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിക്കായി അനർട്ടുമായി ചമച്ച കരാർ, പദ്ധതി പൂർത്തീകരിച്ച്

പ്രവർത്തനക്ഷമമായിട്ടുണ്ടോ എന്നതിന്റെ വിശദാംശങ്ങൾ, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവയൊന്നും ഫയലിൽ ലഭ്യമല്ല. പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 7 ന് പദ്ധതി 2019-20 ൽ പൂർത്തീകരിച്ചിട്ടുള്ളതായും സർട്ടിഫിക്കറ്റ് ഓഫ് കംപ്ലയൻസ് ഉള്ളടക്കം ചെയ്യുന്നതായും മറുപടി നൽകിയെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. 2019-20 ലെ ചെലവ് പത്രിക പരിശോധിച്ചതിൽ പദ്ധതി സ്പിൽ ഓവറായി തുടരുകയും 35400/- രൂപ ചെലവു വരികയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ കരാർ, അനർട്ട് സമർപ്പിച്ച പൂർത്തീകരണറിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട്, 2019-20 ലെ 35400/- രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ എന്നിവ അടിയന്തിരമായി ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തടസ്സപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

# 1-24 ഓഡിയോ വിഷ്വൽ ഡോക്യുമെന്റേഷൻ-ചെലവ് -അക്കൗണ്ടിങ്ങിൽ അപാകം

| | |
|---|---|
| പ്രോജക്ട് നമ്പർ | 158/19(SO) |
| പേര് | ഓഡിയോ വിഷ്വൽ ഡോക്യുമെന്റേഷൻ |
| അടങ്കൽ | 75000 |
| ചെലവ് | 0 (ചെലവ് പത്രിക പ്രകാരം),<br>27000/- (ചെക്ക് നമ്പർ 51800456<br>തീയതി 13.8.18 പ്രകാരം) |
| ഫണ്ട് | തനത് ഫണ്ട് |
| നിർവഹണം | സെക്രട്ടറി |

1)ഗ്രാമപഞ്ചായത്തിലെ എല്ലാ പരിപാടികളുടേയും ഒരു വർഷത്തെ (2018-19) ഓഡിയോ വിഷ്വൽ ഡോക്യുമെന്റേഷൻ പ്രവൃത്തിക്കായി ടെണ്ടർ നടപടിയിലൂടെ അഖിൽ, സുരഭി, കൈരളിനഗർ എന്നയാളെ 72000/- രൂപക്ക് ടെണ്ടർ അംഗീകരിച്ച് 10.4.18 ന് കരാർ ചമക്കുകയുണ്ടായി. കരാർ വ്യവസ്ഥകൾ പ്രകാരം 18000/-രൂപ വീതം നാലു ഗഡുക്കളായി (ആദ്യഗഡു 10.4.18 to 9.7.18, രണ്ടാംഗഡു 10.7.18 to 9.10.18, മൂന്നാംഗഡു 10.10.18 to 9.1.19, നാലാം ഗഡു 10.1.19 to 9.4.19) പ്രസ്തുത കാലയളവുകളിലെ പ്രവൃത്തി തൃപ്തികരമായി പൂർത്തിയാക്കുന്ന മുറക്ക് മാത്രമാണ് നൽകേണ്ടത്. എന്നാൽ ചെക്ക് നമ്പർ 51800456 തീയതി 13.8.18 പ്രകാരം27000/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കിയതിന്റെയോ തുക നൽകിയതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. കരാർ പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 8ന് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെന്നും ബാക്കി തുക 4/9/19 ലാണ് നൽകിയതെന്നും അറിയിച്ചു. എന്നാൽ 4/9 ൽ പൂർത്തിയാക്കേണ്ട പ്രവൃത്തി സമയ പരിധിയ്ക്കുള്ളിൽ പൂർത്തിയാക്കിയോ എന്ന കരാർ വ്യവസ്ഥ പ്രകാരമല്ലാതെ തുക നൽകിയതും വിശദീകരിച്ചിട്ടില്ല.

2)ചെലവ് പത്രിക പ്രകാരം ഈ പദ്ധതിയുടെ ചെലവ് 0 ആണ് . തനത് ഫണ്ടിൽ നിന്നും ചെക്ക് നമ്പർ 51800456 തീയതി 13.8.18 പ്രകാരം ചെലവഴിച്ച തുക 27000/- രൂപ സുലേഖ സ്റ്റേറ്റ്മെന്റിൽ അക്കൗണ്ട് ചെയ്യപ്പെടാത്ത അപാകം പരിഹരിക്കേണ്ടതും കരാർ വ്യവസ്ഥകൾ പാലിക്കുന്നതിൽ ഭാവിയിൽ ജാഗ്രത പുലർത്തേണ്ടതുമാണ്.

# 1-25 കുടിവെള്ളം , മാലിന്യ സംസ്കരണം -അനിവാര്യ ചുമതലകൾ - പദ്ധതികൾ ലക്ഷ്യ പ്രാപ്തി നേടുന്നില്ല.

നിർവഹണം- സെക്രട്ടറി

ഓഡിറ്റ് എൻക്വയറി-24

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ-സ.ഉ (കൈ) 11/2018 ത.സ്വ.ഭ.വ തീയതി 29.1.2018പ്രകാരം ഹരിതകേരളം മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ദൗത്യങ്ങളായ ശുചിത്വ- മാലിന്യ സംസ്കരണം,ജലസംരക്ഷണം എന്നിവ ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ, മേഖലാ ചുമതലകളിൽ ഉൾപ്പെടുന്നു. കരകുളം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സ്റ്റാറ്റസ് റിപ്പോർട്ടിൽ കുടിവെള്ളം, ശുചിത്വം, ജൈവ അജൈവ മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം എന്നിവ 13-ാം പഞ്ചവത്സര പദ്ധതിയിലൂടെ നേടേണ്ട പ്രധാന ലക്ഷ്യങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2018-19 ലെ പദ്ധതി നടത്തിപ്പിൽ പ്രസ്തുത ചുമതലകൾ ഉൾപ്പെട്ടിട്ടുള്ളതും ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ളതും പരിസ്ഥിതി സംരക്ഷണത്തിന് ഉതകുന്നതുമായ പ്രോജക്റ്റുകൾ വൻതുകകൾ അടങ്കൽ നിശ്ചയിച്ച് ആവിഷ്കരിച്ചെങ്കിലും അവ നടപ്പാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പേര് | അടങ്കൽ | ഫണ്ട് | ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 284/19(New) | ക്ലീൻ കരകുളം ഗ്രീൻ കരകുളം | 3500000 | തനത്ഫണ്ട് | 14250 | നോട്ടീസ് അച്ചടിച്ചത് മാത്രമാണ് നടന്നിട്ടുള്ളത്. ശുചിത്വമിഷന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം നിശ്ചിത പ്രോജക്റ്റുകൾ മാത്രമേ നടപ്പിലാക്കാൻ കഴിയൂ എന്നതും പ്രാദേശിക എതിർപ്പുകളും കാരണമാണ് പദ്ധതി നടപ്പാക്കാൻ കഴിയാതിരുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്. |
| 170/19(SO) | ഖരമാലിന്യ നിർമാർജനം- എം.സി.എഫ് ന് സ്ഥലം വാങ്ങൽ | 3500000 | തനത്ഫണ്ട് | 0 | പ്രോജക്ട് നടപ്പായിട്ടില്ല.പ്രാദേശിക എതിർപ്പുകൾ കാരണം സ്ഥലം ലഭ്യമായില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. |
| 155/19(New) | കിള്ളിയാർ സംരക്ഷണം | 500000 | തനത്ഫണ്ട് | 0 | ഫയൽ പരിശോധനയിൽ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നതായി കാണുന്നില്ല. സ്പിൽ ഓവറായി പുറമ്പോക്ക് അളന്നു തിട്ടപ്പെടുത്തുന്ന ജോലി പൂർത്തിയാക്കിയിട്ടുണ്ടെന്നാണ് വിശദീകരണം നൽകിയത്. |
| 276/19(New) | പിലാവൂർക്കോണം തോട് പുനരുദ്ധാരണം | 500000 | തനത്ഫണ്ട് | 0 | കോടതി കേസുകൾ നിലവിലുള്ളതിനാൽ പ്രവൃത്തി നിർവഹിച്ചിട്ടില്ലെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. |
| 139/19(New) | കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണം | 1.97765<br>2.52235<br>3.50000 | 1.വികസനഫണ്ട്<br>2.തനത്ഫണ്ട്<br>3.മറ്റുള്ളവ | 0 | ഫയൽ പരിശോധനയിൽ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നതായി കാണുന്നില്ല. കാവ് ഉടമകളുടെ സഹകരണം ലഭ്യമായില്ലെന്നാണ് വിശദീകരണം. |

മേൽപ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിന് ഉണ്ടായ തടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ ഒന്നും തന്നെ എടുത്തതായി രേഖാമൂലം വിശദീകരണം ലഭിച്ചിട്ടില്ല. പ്രസ്തുത പ്രോജക്റ്റുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കഴിയാത്ത

സാഹചര്യം പഞ്ചായത്ത് ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റിയും വിശദമായി പരിശോധിക്കേണ്ടതും തനത് ഫണ്ട് ശുചിത്വ മിഷൻ ഫണ്ട് എന്നിവയുടെ ലഭ്യതാ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി പരിസ്ഥിതി, മാലിന്യ സംസ്കരണം എന്നിവക്ക് പ്രാധാന്യം നൽകുന്ന പ്രോജക്ടുകളുടെ ലക്ഷ്യപ്രാപ്തി ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-26 ഐ.കെ.എം ന് വിഹിതം നൽകൽ - അധികച്ചെലവ്

| | |
|---|---|
| പ്രോജക്ട് നമ്പർ | S0019/19 |
| പേര് | ഐ.കെ.എം ന് വിഹിതം നൽകൽ |
| അടങ്കൽ | 142335 |
| ചെലവ് | 142335 |
| ഫണ്ട് | വികസന ഫണ്ട് |
| ബിൽ നമ്പർ | 16/22.6.18 |
| നിർവഹണം | സെക്രട്ടറി |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 8.3.2016 ലെസ.ഉ. (സാധാ) നം.1228/2016/ ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്ന പ്ലാൻ ഫണ്ടിന്റെ 0.25% ഐ.കെ.എം ന് വിഹിതമായി നൽകേണ്ടതുണ്ട്. 2018-19ൽ പ്രോജക്ട് നമ്പർ -S0019/19 ആയി ഐ.കെ.എം ന് വിഹിതമായി 142335/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ACR പ്രകാരം പ്ലാൻ ഫണ്ടിനത്തിൽ ലഭ്യമായ തുക 48402000/- ആണ്. (ഓഡിറ്റ് എൻക്വയറി- മറുപടി-18) ഇതിന്റെ 0.25% കണക്കാക്കുമ്പോൾ 121005/-ആണ്. എന്നാൽ 2018-19 ലെ ബജറ്റ് അലോക്കേഷൻ പ്രകാരം അനുബന്ധം 2 പ്രകാരമുള്ള പ്ലാൻ വിഹിതത്തിന്റെ 0.25% ആയി ഐ.കെ.എം നൽകിയ ഡിമാന്റ് തുക 142335/- രൂപയാണ് നൽകിയിട്ടുള്ളതെന്ന് വിശദീകരിച്ചു. ഇപ്രകാരം ലഭ്യമായ തുകയുടെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതിനു പകരം വകയിരുത്തിയ തുകയുടെ അടിസ്ഥാനത്തിൽ വിഹിതം കണക്കാക്കിയതിലൂടെ അധികത്തുക ചെലവായിട്ടുണ്ടെന്ന് കാണുന്നു. പ്രോജക്ട് രൂപീകരണ സമയത്ത് ലഭ്യമായ തുക കൃത്യമായി കണക്കാക്കാൻ കഴിയുകയില്ല എന്നതിനാൽ ഒരു നിശ്ചിത ശതമാനം വകയിരുത്തി പ്രോജക്ട് നടപ്പാക്കുകയും തുടർ വർഷങ്ങളിൽ ക്രമീകരിക്കുകയും ചെയ്യുന്ന രീതി അവലംബിക്കുന്നതായിരിക്കും ഉചിതം എന്നു കരുതുന്നു.

# 1-27 എൽ ഇ ഡി വിളക്കുകളും അനുബന്ധ ഉപകരണങ്ങളുംവാങ്ങൽ-പ്രോജക്ട് നടപ്പാക്കിയതിൽ മാനദണ്ഡങ്ങൾ പാലിച്ചില്ല.122400/- രൂപ തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 171/19 |
| പേര് | തെരുവു വിളക്കുകളുടെ പരിപാലനം-എൽ ഇ ഡി വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ- |
| അടങ്കൽ | 2525000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 2522910 |
| ബിൽ നമ്പർ, തീയതി | 6/18-19 തീയതി.24.5.18( 2400510)<br>27/19-20 തീയതി.18.9/19(122400) |
| സ്റ്റാന്റിങ്ങ് | ധനകാര്യം |

| | |
|---|---|
| കമ്മിറ്റി | |
| ഡി.പി.സി അംഗീകാരം | 139/pau5/tvpm/2017-18 |
| ഓഡിറ്റ് എൻക്വയറി | 17 |
| നിർവഹണം | സെക്രട്ടറി |

മേൽ ഡി.പി.സി തീരുമാനപ്രകാരം ലൈൻ എക്സ്റ്റൻഷൻ നടത്തിയ പോസ്റ്റുകളിൽ എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുക, ട്യൂബ് ലൈറ്റ് ,മറ്റുപകരണങ്ങൾ വാങ്ങുക എന്നിവക്കായി 2525000/-രൂപ അടങ്കൽ നിശ്ചയിച്ച് ഇ-ടെണ്ടർ മുഖേന 24 Watts Automatic LED Lamp എന്ന ഇനം തെരുവ് വിളക്ക് വാങ്ങുന്നതിന് തീരുമാനിച്ചു. പ്രസ്തുത സ്പിൽ ഓവർ പ്രോജക്ട് ഇ-ടെണ്ടർ മുഖേന തെരഞ്ഞെടുത്തതിന്റെ അടിസ്ഥാനത്തിൽ ആൽഫ ഇലക്ട്രോണിക്സിന്റെ നിരക്കുകൾ അംഗീകരിച്ച് കരാർ ഉറപ്പിച്ച് എൽ.ഇ.ഡി വിളക്കുകളും മറ്റ് ഉപകരണങ്ങളും സപ്ലൈ ചെയ്ത് സ്ഥാപിക്കുന്നതിന് ഓർഡർ നൽകി. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. പഞ്ചായത്ത് പരിധിയിലുള്ള തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെഎസ്ഇബി യുമായി സംയുക്ത പരിശോധന നടത്തി രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത്തരത്തിൽ പരിശോധന നടത്തുന്നതിന് കെ.എസ്.ഇ.ബി തയ്യാറായിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

2.പുതിയ 1020എൽഇഡി വിളക്കുകൾ വാങ്ങി സ്ഥാപിക്കാൻ പ്രോജക്ട് തയ്യാറാക്കിയപ്പോൾ തെരുവ് വിളക്ക് രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന ട്യൂബ് ലൈറ്റുകളിൽ മാറ്റി സ്ഥാപിക്കേണ്ട വിളക്കുകളുടെ എണ്ണം കണക്കാക്കിയിട്ടില്ല.

3.നിലവിലുള്ള ട്യൂബ് ലൈറ്റുകൾ മാറ്റി പുതിയ എൽഇഡി വിളക്കുകൾ സ്ഥാപിച്ചപ്പോൾ നിലവിലുണ്ടായിരുന്ന ലൈറ്റുകൾ സ്റ്റോക്കിൽ എടുത്ത് ലേലം ചെയ്യുകയോ .ആയത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി.സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.(ഓഡിറ്റ് എൻക്വയറി 17 ന് നൽകിയ മറുപടി)

4.ആദ്യ ടെണ്ടറിൽ മതിയായ ടെണ്ടറുകൾ ലഭിക്കാത്തതിനാൽ റീ ടെണ്ടർ നടത്തി സ്ഥാപനത്തെ തെരഞ്ഞെടുത്തതിനു ശേഷം ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെയാണോ പ്രസ്തുത തുക എന്നും അല്ലെങ്കിൽ ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടെയുള്ള തുക നൽകണമെന്നും പഞ്ചായത്ത് സ്ഥാപനത്തോട് ആവശ്യപ്പെട്ടതായി കാണുന്നു. കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 (ജി.ഒ.(പി) 3/2013എസ്.പി.ഡി 21.6.2013 ഖണ്ഡിക 7.34 പ്രകാരം സപ്ലൈ വ്യവസ്ഥകളും എല്ലാ വിവരങ്ങളും ഉൾപ്പെടെയാണ് ടെണ്ടർ നോട്ടീസ് നല്കേണ്ടത്.അപ്രകാരമാണോ ടെണ്ടർ നോട്ടീസ് നൽകിയിട്ടുള്ളതെന്ന് പരിശോധിക്കുന്നതിനായി പ്രസ്തുത ടെണ്ടർ നോട്ടീസിന്റെ പകർപ്പ് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല. സ്ഥാപനം ഇക്കാര്യത്തിൽ മറുപടി നൽകിയിട്ടുമില്ല. എങ്കിലും 27/19-20 തീയതി18.9.19ലെ ബിൽ പ്രകാരം 122400/- തുക നൽകിയിട്ടുണ്ട്. പ്രസ്തുത തുക നൽകിയതിന്റെ സാധുത അടിയന്തിരമായി വ്യക്തമാക്കേണ്ടതാണ്. പ്രസ്തുത തുക തടസ്സത്തിൽ വെക്കുന്നു.

5.റീ ടെണ്ടർ നടത്തിയപ്പോൾ ഒരു സ്ഥാപനം മാത്രമാണ് ടെണ്ടർ സമർപ്പിച്ചത്. ടി സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 (ജി.ഒ.(പി) 3/2013എസ്.പി.ഡി 21.6.2013 ഖണ്ഡിക 7.33 പ്രകാരം ടെണ്ടർ സമർപ്പിക്കുന്നതിന് മതിയായ സമയം (കുറഞ്ഞത് 15 ദിവസം)നൽകേണ്ടതാണ്. ടെണ്ടർ രേഖകൾ പരിശോധിച്ചതിൽ ഇവിടെ 8 ദിവസം മാത്രമേ നൽകിയിട്ടുള്ളു. മറ്റ് സ്ഥാപനങ്ങൾക്ക് ടെണ്ടർ സമർപ്പിക്കുന്നതിന് മതിയായ സമയം ലഭ്യമായിട്ടില്ലെന്നു കാണുന്നു. ഇത് ടെണ്ടർ നടപടിക്രമങ്ങൾക്കെതിരാണ്.

6.തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനവുമായി കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013( ജി.ഒ.(പി) 3/2013എസ്.പി.ഡി 21.6.2013 ഖണ്ഡിക 9.62 പ്രകാരമുള്ള കരാറിൽ ഏർപ്പെട്ടിട്ടില്ല.

7.വിളക്കുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബിയുടെ അനുമതി തേടുകയോ സ്ഥാപിച്ചതായി കെ.എസ്.ഇ.ബി യുടെ സാക്ഷ്യ പത്രം ലഭ്യമാകുകയോ ചെയ്തതായി കാണുന്നില്ല. വാർഡ് മെമ്പർ മാരുടെ സാക്ഷ്യപത്രത്തിന്റെ മാത്രം അടിസ്ഥാനത്തിലാണ് ഇൻസ്റ്റലേഷൻ തുക ഉൾപ്പെടെ നൽകിയത്.

8.കരാർ ചമച്ചിട്ടില്ലാത്തതിനാൽ സമയക്രമമനസരിച്ചാണോ പ്രവൃത്തികൾ സ്ഥാപനം പൂർത്തിയാക്കിയത് എന്ന് നിർണ്ണയിക്കാൻ കഴിയുന്നില്ല. എന്നാൽ 22.3.18 ന് സപ്ലൈ ഓർഡർ നൽകുകയും 31.3.18 ന് തന്നെ മുഴുവൻ സാധനങ്ങളുടേയും വിലനൽകുകയും ചെയ്തു.

മേൽ അപാകങ്ങൾക്ക് വിശദീകരണം നൽകുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് സമിതിയുടെയും പ്രൊക്യൂർമെന്റ് സമിതിയുടെയും നിർദ്ദേശങ്ങൾ പ്രകാരമാണ് വിളക്കുകൾ വാങ്ങിയതെന്നും മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും കരാറിന്റെ പകർപ്പ് ഉൾപ്പെടെയുള്ള രേഖകൾ ഹാജരാക്കുന്ന എന്നും മറുപടി നൽകിയെങ്കിലും രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. അവശ്യരേഖകൾ അടിയന്തിരമായി ഹാജരാക്കേണ്ടതും തടസ്സപ്പെടുത്തിയ തുക സംബന്ധിച്ച വ്യക്തമായ വിശദീകരണം നൽകേണ്ടതുമാണ്.

# 1-28 തെരുവ് വിളക്കു ഉപകരണങ്ങളും സ്പെയർ പാർട്സും വാങ്ങൽ- അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0021/19 |
| പേര് | തെരുവ് വിളക്കു ഉപകരണങ്ങളും സ്പെയർ പാർട്സും വാങ്ങൽ |
| അടങ്കൽ | 1000000 |
| ചെലവ് | 982272( ചെലവു പത്രിക പ്രകാരം) |
| ഫണ്ട് | വികസനഫണ്ട് |
| ബിൽ നമ്പർ | 29/25.10.18 |
| നിർവഹണം | സെക്രട്ടറി |

1.ടെണ്ടർ മുഖേന തെരഞ്ഞെടുക്കപ്പെട്ട നന്ദനം ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനം നിർവഹണച്ചുമതല വഹിച്ച പ്രവൃത്തിയിൽ സ്ഥാപനം സമർപ്പിച്ചത് ടാക്സ് ഇൻവോയ്സ് നമ്പർ 2042, 2148 എന്നിവ പ്രകാരം 964600/-രൂപയുടേയും 35400/-രൂപയുടേയും ബില്ലുകളാണ്. എന്നാൽ സ്ഥാപനത്തിന് 29/25.10.18 ബിൽ മുഖേന നൽകിയത് 982272/-രൂപയാണ്. ഐ.ടി, ജി.എസ്.ടി കുറവുകൾ ഒന്നും വരുത്താതെയാണ് ടി തുക കൈമാറിയിട്ടുള്ളത്. പ്രസ്തുത തുക നൽകിയതിന്റെ മാനദണ്ഡം വിശദീകരിച്ചിട്ടില്ല.

2.പ്രസ്തുത ബിൽ പ്രകാരം ലഭിച്ച വിളക്കുകളുടെയും ഉപകരണങ്ങളുടെയും വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി വിതരണം ചെയ്തിട്ടില്ല.

3. ഇൻസ്റ്റലേഷൻ ഉൾപ്പെടെയാണ് സ്ഥാപനം നിരക്ക് നൽകിയിട്ടുള്ളത് എന്നാൽ വിളക്കുകളുടെയും ഉപകരണങ്ങളുടെയും ഇൻസ്റ്റലേഷൻ സംബന്ധിച്ച വിവരങ്ങളും ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറി 29 ന് മറുപടി ലഭ്യമാക്കിയില്ല.

വിളക്കുകളുടെയും ഉപകരണങ്ങളുടെയും സ്റ്റോക്ക്, ഇൻസ്റ്റലേഷൻ എന്നിവ സംബന്ധിച്ച റിപ്പോർട്ട്, നൽകിയ തുകയുടെ സാധുത എന്നിവ അടിയന്തിരമായി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 1-29 ഗ്രാമപഞ്ചായത്തിന് ഫർണിച്ചർ ,എ.സി, മറ്റ് അനുബന്ധ സൗകര്യങ്ങൾ -അധികച്ചെലവ്- 51000/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 281/19 |

| | |
|---|---|
| പേര് | ഗ്രാമപഞ്ചായത്തിന് ഫർണിച്ചർ, എ.സി, മറ്റ് അനുബന്ധ സൗകര്യങ്ങൾ |
| അടങ്കൽ | 1000000 |
| ചെലവ് | 283600 |
| ചെക്ക് നമ്പർ, തീയതി | 95000/-, ചെക്ക് നമ്പർ 505244, തീയതി.11.3.19<br>95000 ചെക്ക് നമ്പർ 5052120, തീയതി 22.2.19<br>78924/-, ചെക്ക് നമ്പർ 5052194 തീയതി 25.3.19<br>14676/- |
| ഫണ്ട് | തനത്ഫണ്ട് |
| നിർവഹണം | സെക്രട്ടറി |

നവീകരിക്കുന്ന കരകുളം പഞ്ചായത്ത് ഫ്രണ്ട് ഓഫീസിന് എ.സി,ഫർണിച്ചർ, അനുബന്ധസൗകര്യങ്ങൾ എന്നിവയൊരുക്കലാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. പ്രോജക്ടിന്റെ നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

5.1.2019 ലെ ടെണ്ടർ പരസ്യം പ്രകാരം ഇൻസ്റ്റലേഷൻ, കമ്മീഷനിങ്ങ്, ടെസ്റ്റിങ്ങ് എന്നിവയെല്ലാമുൾപ്പെടെ 5 star2 ton split Air conditioner with stabilizer- 1 എണ്ണം 5 star1.5 ton split Air conditioner with stabilizer -2എണ്ണം , 5 star1 ton split Air conditioner with stabilizer 1 എണ്ണം എന്നിങ്ങനെയാണ് ടെണ്ടർ നൽകിയത്. ആകെ ക്വോട്ട് ചെയ്ത മൂന്ന് സ്ഥാപനങ്ങളിൽ സ്പെസിഫിക്കേഷൻ പ്രകാരം ടെണ്ടർ സമർപ്പിച്ച രണ്ട് സ്ഥാപനങ്ങളുടെ ക്വട്ടേഷൻ വിശദാംശങ്ങൾ താഴെ പറയുന്നു

| സ്ഥാപനത്തിന്റെ പേര് | നൽകിയ സ്പെസിഫിക്കേഷൻ | ടെണ്ടർ തുക | റിമാർക്സ് |
|---|---|---|---|
| ഓക്സിഫോസ്സ്,കുമാരപുരം | 5 star2 ton split Air conditioner with stabilizer- 1 എണ്ണം , | 72500 | ഇലക്ട്രിക്കൽ,പൈപ്പിങ്ങ് വർക്ക് എന്നിവക്കായി 53000/- ഉൾപ്പെടെ<br>ആകെ 283600 |
| | 5 star1.5 ton split Air conditioner with stabilizer -2എണ്ണം | 110600 | |
| | 5 star1 ton split Air conditioner with stabilizer 1എണ്ണം | 47500 | |
| ശബരി ഗ്ലോബൽ ഷോപ്പ്, വെള്ളനാട് | 5 star2 ton split Air conditioner with stabilizer- 1 എണ്ണം , | 72850 | ഇൻസ്റ്റലേഷൻ മുതലായ എല്ലാ ചാർജ്ജുകളുമുൾപ്പെടെ<br>ആകെ 232600 |
| | 5 star1.5 ton split Air conditioner with stabilizer -2എണ്ണം | 55900 | |
| | 5 star1 ton split Air conditioner with stabilizer 1എണ്ണം | 47950 | |

എന്നാൽ ടെണ്ടർ ടാബുലേഷൻ പട്ടിക പ്രകാരം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത് ഓക്സിഫോസ്സ്,കുമാരപുരം എന്ന സ്ഥാപനത്തിനാണ്. ടി സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയും സ്ഥാപനം സമർപ്പിച്ച ബിൽ പ്രകാരം ആകെ 283600/- നല്കുകയും ചെയ്തു. ഇപ്രകാരം അധികത്തുക 53700/-ചെലവാക്കിയത് വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 13 ന് ലഭ്യമാക്കിയ മറുപടിയിൽ എ. സിയുടെ കോപ്പർ പൈപ്പിങ്ങ്, വെന്റ് എക്സോസ്റ്റ് ഫാനുകൾ എന്നിവ സ്ഥാപിക്കുന്നതിന് അധികച്ചെലവായി ഓക്സിഫോസ് 53000/-

രൂപ ആവശ്യപ്പെട്ടുവെന്നും ശബരി പ്രസ്തുത പ്രവൃത്തി കമ്പനി ചെയ്യുന്നതാണെന്നും കമ്പനിയെ സമീപിച്ചതിൽ 75000/- രൂപയോളം ചെലവ് വരുമെന്ന് അറിയിച്ചതിനാലാണ് ഓക്സിഫോസിനെക്കൊണ്ട് ചെയ്യിച്ചതെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ ടി മറുപടിയെ സാധൂകരിക്കുന്ന രേഖകൾ, സ്ഥാപനം നൽകിയ രേഖാമൂലമുള്ള മറുപടി എന്നിവയൊന്നും ഹാജരാക്കാത്ത സാഹചര്യത്തിൽ ഇൻസ്റ്റലേഷൻ മുതലായ എല്ലാ ചാർജ്ജുകളുമുൾപ്പെടെ ശബരി ക്വോട്ട് ചെയ്ത 232600/-, ഓക്സിഫോസ്സ് നൽകിയ 283600/- എന്നിവയുടെ വ്യത്യാസമായ 51000/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-30 കായികക്ഷേമം- സ്പോർട്സ് ക്ലബ്ബുകളുടെ മീറ്റും ക്യാമ്പും നടത്തിപ്പിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 167/19(SO) |
| പേര് | കായികക്ഷേമം- സ്പോർട്ട്സ് ക്ലബ്ബുകളുടെ മീറ്റും ക്യാമ്പും |
| അടങ്കൽ | 200000 |
| ചെലവ് | 138500 |
| ബിൽ നമ്പർ, തീയതി | 7/2019,8/2019 |
| ഫണ്ട് | വികസനഫണ്ട് |
| നിർവഹണം | സെക്രട്ടറി |

പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെടുന്ന ക്ലബ്ബുകളിൽ നിന്നും പ്രതിഭകളെ കണ്ടെത്തി പഞ്ചായത്ത് ടീം രൂപീകരിക്കുക, രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്, ധനസഹായം എന്നിവ നൽകി പഞ്ചായത്തിന്റെ സമഗ്രവികസനത്തിനായി ചെറുപ്പക്കാരെ വാർത്തെടുക്കുക എന്നതാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം. പ്രോജക്ടിന്റെ നടത്തിപ്പിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1)24.10.2017ലെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2.11.17ൽ സെലക്ഷൻ ട്രയൽസ് നടത്തുന്നതിനായി അഡ്വാൻസ് തുകയായി 14000/- രൂപ തനതു ഫണ്ടിൽനിന്നും സെക്രട്ടറിയുടെ പേർക്ക് നൽകുകയും അന്തിമ ബില്ല് തയ്യാറാക്കുമ്പോൾ തുക തനത് ഫണ്ടിലേക്ക് അടക്കുവാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത തുകയുടെ ക്രമീകരണം, തനത് ഫണ്ടിലേക്ക് അടച്ചതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ട്രഷറി ബിൽ ബുക്ക് പ്രകാരം 24.5.18 ലെ 8/18-19 നമ്പർ ബിൽ പ്രകാരം പ്രസ്തുത തുക മാറിയിട്ടുണ്ട് . തുക റീ ക്രൂപ്പ് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2.)പദ്ധതി സ്പിൽഓവറായതിനെത്തുടർന്ന് (167/19(SO)സ്പോർട്സ് കിറ്റ്,ഉപകരണങ്ങൾ എന്നിവക്കായി ഓപ്പൺ ടെണ്ടർ വഴി തെരഞ്ഞെടുത്ത പവിലിയൻ സ്പോർട്ട്സ് എന്ന സ്ഥാപനത്തിന്റെ പേരിൽ 28.3.18ൽ 124500/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. ലഭ്യമാക്കേണ്ട സാധനങ്ങളുടെ എണ്ണം,, സ്പെസിഫിക്കേഷൻ എന്നിവ അടങ്ങിയ ടെണ്ടർ നോട്ടീസ്, ലഭിച്ച ടെണ്ടറുകളുടെ താരതമ്യപ്പട്ടിക,പവിലിയൻ സ്പോർട്സിനെ തെരഞ്ഞെടുത്തതിന്റെ കാരണം,ടെണ്ടർ അംഗീകരിച്ച തീരുമാനത്തിന്റെ പകർപ്പ്, അംഗീകരിച്ച ടെണ്ടററായ പവിലിയൻ സ്പോർട്സുമായി ചമച്ച കരാർ,ടെണ്ടററർക്ക് നൽകിയ സപ്ലൈ ഓർഡർ എന്നിവയൊന്നും തന്നെ ഓഡിറ്റ് എൻക്വയറി 12 മുഖേന ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല.

3)അംഗീകരിച്ച ടെണ്ടററായ പവിലിയൻ സ്പോർട്ട്സ് ക്വോട്ട് ചെയ്യാത്ത സ്പോർട്സ് കിറ്റ് എന്ന ഇനം തീയതി രേഖപ്പെടുത്താത്ത GST ഇൻവോയ്സിൽ 20 എണ്ണം 104000/- രൂപയ്ക്ക് ഉൾപ്പെടുത്തി തുക നൽകിയതും ഏതൊക്കെ ഇനങ്ങൾ എത്ര എണ്ണം ഉൾപ്പെട്ടതാണ് സ്പോർട്ട്സ് കിറ്റ് എന്നും വിശദീകരിക്കുന്നതിന് ഓഡിറ്റ് എൻക്വയറി വഴി

ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗെയിം പോയിന്റ് എന്ന സ്ഥാപനം പ്രസ്തുത കിറ്റ് 65000/- രൂപക്ക് ലഭ്യമാക്കാൻ തയ്യാറായിരുന്നു.

മേൽ പരാമർശിച്ചതിൻ പ്രകാരം ടെണ്ടർ നടപടികളിലെ അവ്യക്തതയും സുതാര്യതയില്ലായ്മയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും വിലയിരുത്തേണ്ടതും അധികച്ചെലവ് കണ്ടെത്തുന്ന പക്ഷം ഉത്തരവാദിയിൽ നിന്ന് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-31 കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും എ.എം.സി-അധികച്ചെലവ്

| | |
|---|---|
| പ്രോജക്ട് നമ്പർ | S0163/19 (SO) |
| പേര് | കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും എ.എം.സി |
| അടങ്കൽ | 80200 |
| ചെലവ് | 47500 (ചെലവു പത്രിക പ്രകാരം) |
| ഫണ്ട് | തനത് ഫണ്ട് |
| നിർവഹണം | സെക്രട്ടറി |

പ്രസ്തുത പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

1. പ്രോജക്ട് പ്രകാരം കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടേയും അറ്റകുറ്റപ്പണിക്കായി തെരഞ്ഞെടുക്കപ്പെട്ട അരുൺ എസ്.പി (മൈക്രോകോം ടോട്ടൽ സൊലൂഷൻ) എന്നയാളുമായി 94500/- രൂപയ്ക്ക് കരാർ ഉറപ്പിച്ചിട്ടുണ്ട്.

ചെലവ് പത്രിക പ്രകാരം പ്രോജക്ടിന്റെ ആകെ ചെലവ് 47500/- രൂപ ആണ്. വാർഷിക അറ്റകുറ്റപ്പണിക്കായി ടെണ്ടറിലൂടെ തെരഞ്ഞെടുക്കപ്പെട്ട അരുൺ എസ്.പി ചെക്ക്നമ്പർ 5052308 തീയതി26.3.19 മുഖേന 47000/-രൂപ കൈപ്പറ്റിയതായി രസീത് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ വിവിധ മാസങ്ങളിലെ തനത്ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ കമ്പ്യൂട്ടറുകളുടേയും അനുബന്ധ ഉപകരണങ്ങളുടെയും എ.എം.സി ചെലവ് താഴെ പറയും വിധം ആണ്.

| വൗച്ചർ നമ്പർ | ചെക്ക്നമ്പർ/ തീയതി | തുക | നൽകിയ ആൾ |
|---|---|---|---|
| 41/4/18 | 61494<br>15.4.18 | 2200 | CANN Care<br>ചിറക്കുളം റോഡ് |
| 74/4/18 | 61560<br>22.4.18 | 4850 | അരുൺ. എസ്.പി<br>മൈക്രോകോം ടോട്ടൽ സൊലൂഷൻ |
| 443/8/18 | 62050<br>14.8.18 | 47000 | " |
| 44/8/18 | 62164<br>23.8.18 | 7000 | " |
| 26/9/18 | 62185<br>6.9.18 | 17700 | " |
| 31/3/19 | 5052308<br>26.3.19 | 46550 | " |
| | ആകെ | 125300 | |

എ.എം.സിക്കായി കരാർ ഉറപ്പിച്ച തുകയേക്കാൾ 30800/- രൂപ അധികം നൽകിയതും മറ്റൊരു സ്ഥാപനത്തിന് 2200/- രൂപ നൽകിയതും ഫയൽ രേഖകളും വൗച്ചർ പ്രകാരമുള്ള ചെലവുകളും ചെലവ് പത്രികയും തമ്മിലുള്ള പൊരുത്തക്കേടുകളും വിശദീകരിക്കുന്നതിന് നൽകിയ എൻക്വയറി22 ന് മറുപടി ലഭ്യമാക്കിയില്ല. അധികച്ചെലവിനും പൊരുത്തക്കേടുകൾക്കും തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണ്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

# 1-32 യോജിക്കുന്ന വിലകുറഞ്ഞ ഇനം ഒഴിവാക്കി, വിലയേറിയ ഇനം പ്രവൃത്തിയിൽ ഉൾപ്പെടുത്തി-14186/- രൂപ നിരാകരിക്കുന്നു.

മേൽക്കൂരയുടെ റിഡ്ജസിനായി 12.51.1 എന്ന കോഡുപ്രകാരമുള്ള വിലകുറഞ്ഞ യോജിക്കുന്ന ഷീറ്റ് ഉപയോഗിക്കാതെ കൂടുതൽ വിലയുള്ള DSR code 12.4.1 ഉപയോഗിച്ചതിലൂടെ അധികച്ചെലവ് വന്നിട്ടുണ്ട്. 14186/- രൂപ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-33 ടാറിങ്ങിനുള്ള ബിറ്റുമിന്റെ അളവ് കണക്കാക്കുന്നതിനു എൻജിനിയറിംഗ് വിഭാഗം തയ്യാറാകേണ്ടതാണ്.

റോഡുകളുടെ ടാറിംഗിനും റീടാറിംഗിനുമുള്ള ബിറ്റുമിൻ കരാറുകാർ വാങ്ങുകയാണെങ്കിൽ കർശനമായി ഒറിജിനൽ ബിൽ (08.11.2016 ലെ സ.ഉ (സാധാ)3049/2016/തസ്വഭവ) സമർപ്പിക്കേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന ഒറിജിനൽ ബില്ലുകൾ ഫയൽ ചെയ്തു സൂക്ഷിക്കുന്ന എൻജിനിയറിംഗ് വിഭാഗം ഓരോ പ്രവൃത്തിക്കും ആവശ്യമായ ബിറ്റുമിന്റെ അളവ് കണക്കാക്കി ഒറിജിനൽ ബില്ലുമായി താരതമ്യപ്പെടുത്തുന്നില്ല. ഈ പ്രവണത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# 1-34 ആസ്തി വിവരങ്ങൾ കൃത്യവും കാലികവുമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2018-19ൽ മരാമത്ത് പ്രവൃത്തികൾ നിർവഹിക്കപ്പെട്ടതും നിലവിലുള്ള ആസ്തിയിൽ ഉൾപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുള്ളതുമായ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള റോഡുകളുടെ ആസ്തി നമ്പറുകൾ ആസ്തി രജിസ്റ്ററുമായി പരിശോധിച്ചതിൽ പ്രസ്തുത നമ്പറുകൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്നു വ്യക്തമായി. ആസ്തി യുണിക്ക് നമ്പർ പ്രോജക്ട് ഫോറത്തിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ആസ്തി യൂണിക്ക് നമ്പർ, നീളം എന്നിവ ലഭ്യമാക്കുന്നതിനും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരങ്ങൾ ഹാജരാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറി 25 ന് മറുപടി ലഭ്യമാക്കിയില്ല.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ/ റോഡിന്റെ പേര് | നീളം | പ്രോജക്ട് ഫോറത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ആസ്തിനമ്പർ |
|---|---|---|---|
| SO115/19 | തോട്ടുവോട്ടിപ്പാറ ചെനാംകോട് സൈഡ്വാൾ | ലഭ്യമാക്കിയില്ല. | 1266100100000284 |
| 121/19 | വിദ്യാധിരാജ ഇരപ്പിൻമൂട് കോളനി റോഡ് | “ | 1266100100000586 |
| 99/19 | റിവർവ്യൂ പമ്മത്തല റോഡ് | “ | 1266100100000003 |

| | | | |
|---|---|---|---|
| 257/19 | പതിയനാട് ദേവീക്ഷേത്രം റോഡ് | " | 1020000366638872 |
| 87/19 | അമ്പലനഗർ ഇടവക്കോട് റോഡ് | " | 1266100100000251 |

ഗ്രാമപഞ്ചായത്തിൽ 2016-17 മുതൽ നടപ്പാക്കിയിട്ടുള്ള ജിയോ മാപ്പിങ്ങ് സംവിധാനം ആസ്തി രജിസ്റ്ററുമായി ബന്ധപ്പെടുത്തി പ്രോജക്ട് തയ്യാറാക്കുന്നതിന് ഉപയോഗിക്കുവാൻ ഇതുവരെ സജ്ജമായിട്ടില്ല. പ്രസ്തുത വിഷയം പരിശോധിച്ച് ആസ്തി രജിസ്റ്റർ കാലികമാക്കി പ്രവൃത്തി പൂർത്തികരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-35 കിണർ റീചാർജ്ജിംഗ്- പദ്ധതി ചെലവ് ശതമാനം കുറവ്

2018-19 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ അടങ്കൽ തുകയുടെ വിനിയോഗം നാമമാത്രമായിരുന്നു.

| ക്രമ നം | പ്രോജക്റ്റ് നം | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 1 | SO 154/19 | ജലശ്രീ- കിണർ റീചാർജ്ജിംഗ്(എസ്.സി) | 400000/- | 8000/- | 2% |
| 2 | SO 153/19 | ജലശ്രീ- കിണർ റീചാർജ്ജിംഗ്. | 2000000/- | 172800/- | 8.64% |

മതിയായ ഗുണഭോക്താക്കൾ ഉണ്ടായിരുന്നുവെങ്കിലും മേൽ പദ്ധതികളുടെ ചെലവു ശതമാനം വളരെയധികം കുറവാണ്. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കിണർ റീചാർജ്ജിംഗ് വളരെയധികം ഫലപ്രദമായ പദ്ധതിയാണ്.പ്രസ്തുത പദ്ധതിയെ കുറിച്ച് ജനങ്ങളെ ബോധവൽക്കരണം നടത്തി പ്രാവർത്തികമാക്കുവാൻ നിർവഹണം നടത്തിയ ഉദ്യോഗസ്ഥർ ശ്രമിക്കേണ്ടതായിരുന്നു. കൂടാതെ 2018-19 സാമ്പത്തിക വർഷം പൂർണമായും ചെലവു വരാത്ത പദ്ധതി അടുത്ത വർഷം സ്പിൽ ഓവറായി ചെയ്യാതെ പുതിയ പദ്ധതിയായി (ജലശ്രീ- കിണർ റീചാർജ്ജിംഗ്.109/2019-20) ചെയ്തതു വഴി പ്ലാൻ ഫണ്ട് നഷ്ടപ്പെടുവാനുള്ള സാഹചര്യമുണ്ടായി.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 10 നുള്ള മറുപടിയിൽ ഗുണഭോക്താക്കളിൽ ഭൂരിഭാഗവും കിണർ ഇല്ലാത്തവരാണെന്നും കിണർ പുനരുദ്ധാരണമെന്ന് തെറ്റിദ്ധരിച്ചാണ് ഗ്രാമസഭയിൽ അപേക്ഷ നൽകിയതെന്നും അറിയിച്ചിരിക്കുന്നു. ഇത് പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ആവശ്യകതയും ഗുണഭോക്താക്കളുടെ സന്നദ്ധതയും കണക്കിലെടുക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. അല്ലാത്ത പക്ഷം പദ്ധതി വിഹിതത്തിന്റെ പാഴ്ചെലവിലേക്ക് നയിക്കുമെന്ന് വിലയിരുത്തുന്നു.

## 1-36 സ്ഥാപനമേധാവിയിൽ നിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല-27280/-രൂപ

# തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പദ്ധതിയുടെ പേര് | 126/18-19.പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ |
| നിർവഹണം | അസി.സെക്രട്ടറി |
| ഫണ്ടിനം | എസ്.സി.പി |
| അടങ്കൽ | 545600 |
| ചെലവ് | 545600 |
| ബിൽ നം/തീയതി | 02/2018-19/07.09.2018 |

20 കുട്ടികൾക്ക് പ്രസ്തുത പ്രോജക്ട് പ്രകാരം ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. 14.02.2018 ലെ സ.ഉ(കൈ) നം.22/2018/തസ്വഭവ മാർഗ്ഗരേഖ 7.2.8 പ്രകാരം സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ലാപ്ടോപ്പ് നൽകാവൂവെന്നുണ്ട്. എന്നാൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ എന്ന പദ്ധതിയിൽ രമ്യ.ആർ.ജെ, സജിഭവൻ,പേഴുംമൂട്,വേങ്കോട് എന്ന വിദ്യാർത്ഥിക്ക് ലാപ് ടോപ്പ് അനുവദിച്ചിട്ടുള്ളത് സ്ഥാപനമേധാവിയിൽ നിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 16 നുള്ള മറുപടിയിൽ പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് അറിയിച്ചിരിക്കുന്നു. ആയതിനാൽ ഒരു ലാപ്ടോപ്പിന്റെ വിലയായ 27280/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്ഥാപന മേധാവിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-37 സേവന പുസ്തകങ്ങൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ

1)ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

ജീവനക്കാർക്ക് കാലാകാലങ്ങളിൽ ലഭിക്കുന്ന ശമ്പള പരിഷ്കരണങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് അംഗീകരിക്കണമെന്നിരിക്കെ ചുവടെ ചേർക്കുന്ന ജീവനക്കാരുടെ സേവന പുസ്തകങ്ങൾ പരിശോധിച്ചതിൽ ശമ്പള പരിഷ്കരണങ്ങൾ അംഗീകരിച്ചിട്ടില്ല.

| ക്രമ നം | ജീവനക്കാരുടെ പേരും ഉദ്യോഗപ്പേരും | റിമാർക്ക്സ് |
|---|---|---|
| 1 | അജിത്ത്കുമാർ.എ.ആർ, അസി.സെക്രട്ടറി | 2009 വരെയുള്ള ശമ്പള പരിഷ്കരണങ്ങൾ മാത്രമേ അംഗീകരിച്ചിട്ടുള്ളൂ. |
| 2 | അശോക് കുമാർ.ആർ, ജൂനിയർ സൂപ്രണ്ട് | ശമ്പള പരിഷ്കരണങ്ങൾ ഒന്നും അംഗീകരിച്ചിട്ടില്ല. |
| 3 | മണികണ്ഠൻ നായർ,ക്ലാർക്ക് | ശമ്പള പരിഷ്കരണങ്ങൾ ഒന്നും അംഗീകരിച്ചിട്ടില്ല. |
| 4 | റെജി.ബി.സി,അക്കൗണ്ടന്റ് | 2009 വരെയുള്ള ശമ്പള പരിഷ്കരണങ്ങൾ മാത്രമേ അംഗീകരിച്ചിട്ടുള്ളൂ. |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 11 നുള്ള മറുപടിയിൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണങ്ങൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം ലഭ്യമാകേണ്ടതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2.ജീവനക്കാരുടെ സേവനപുസ്തകങ്ങളിൽ സേവന പരിശോധന പത്രം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3.ഇൻക്രിമെന്റ് അനുവദിക്കുമ്പോൾ ആയതു സേവന പുസ്തകത്തിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടു മാത്രമേ അനുവദിക്കാവൂ.

## 1-38 യാത്രാബത്ത അനുവദിക്കുന്നതിൽ അപാകം- അധികച്ചെലവ് ഒഴിവാക്കേണ്ടതാണ്

2018-19 ലെ യാത്രാ ബത്ത ബില്ലുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1.1995ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും ) ചട്ടങ്ങളിലെ റൂൾ 7 പ്രകാരം സർക്കാരോ അധികാരപ്പെട്ട വിളിച്ച കൂട്ടിയ യോഗങ്ങളിലോ പരിശീലന പരിപാടികളിലോ പങ്കെടുക്കുവാൻ ക്ഷണിച്ചിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള യാത്രകൾക്ക് ബത്ത നൽകാനാവും. കൂടാതെ പഞ്ചായത്ത് യോഗത്തിൽ ഹാജരായിട്ടുള്ള അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായപ്രകാരം പാസ്സാക്കി പ്രമേയം മൂലം നടത്തിയ യാത്രക്കും പഞ്ചായത്തിന്റെ അംഗീകാരത്തോടുകൂടി ജില്ലാ ആസ്ഥാനത്തേയ്ക്കോ, ബ്ലോക്ക് ആസ്ഥാനത്തേയ്ക്കോ നടത്തിയ യാത്രകൾക്കും ബത്ത നൽകാനാവും. എന്നാൽ അപ്രകാരമുള്ള അംഗീകാരത്തിന്റെ അഭാവത്തിലും ചട്ടവിരുദ്ധമായിട്ടുള്ളതുമായ യാത്രകൾക്കും ബത്ത അനുവദിച്ചതായി കാണുന്നു.

2.കേരള സർവീസ് ചട്ടങ്ങൾ ഭാഗം രണ്ട് പ്രകാരം ആസ്ഥാനത്തിന് വെളിയിലുള്ള താമസം ആറുമണിക്കൂറിൽ കവിയുന്നില്ലെങ്കിൽ ദിനബത്ത നൽകേണ്ടതില്ല എന്നും ആറു മണിക്കൂറിനും പന്ത്രണ്ടു മണിക്കൂറിനും ഇടയിലാണെങ്കിൽ ദിനബത്തയുടെ പകുതിയും പന്ത്രണ്ടു മണിക്കൂറിന് മുകളിലാണെങ്കിൽ മുഴുവൻ ദിനബത്തയും നൽകാവുന്നതാണ്. എന്നാൽ മേൽപറഞ്ഞ ചട്ടങ്ങൾ പാലിക്കാതെയും ബത്ത നൽകിയിട്ടുള്ളതായി കാണുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 20ന് മറുപടി നൽകിയിട്ടില്ല. പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുസരിച്ച് യാത്രാബത്ത സ്വീകരിക്കുവാൻ ഭരണസമിതി അംഗങ്ങളും കേരള സർവീസ് ചട്ടങ്ങൾ പ്രകാരം യാത്രാബത്ത നൽകുന്നതിന് പഞ്ചായത്ത് തല ഉദ്യാഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**… …**

ഇല്ല

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 യോജിക്കുന്ന വിലകുറഞ്ഞ ഇനം ഒഴിവാക്കി, വിലയേറിയ ഇനം പ്രവൃത്തിയിൽ ഉൾപ്പെടുത്തി-14186/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ | ആയുർവേദ |

| | |
|---|---|
| പേര് | ഹോസ്പ്പിറ്റൽ മെയിന്റനൻസ് |
| പ്രോജക്റ്റ് നം | SO 209/19 |
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് |
| അടങ്കൽ | 181030/- |
| ചെലവ് | 180927/- |
| എസ്റ്റിമേറ്റ് ആധാരം | DSR 16 with CI 50.98% |
| കോൺട്രാക്ടർ | ബാബുരാജ്.എം |
| എം.ബുക്ക് നം | 145/17-18 |
| ബിൽ നം | 9/LSGD/18-19 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

മേൽ പ്രവൃത്തിയിൽ ഇനം (5) ആയി DSR code 12.50 പ്രകാരമുള്ള 0.50 mm കനമുള്ള iron profile sheet മേൽക്കൂരയ്ക്കായി ഉപയോഗിച്ചിട്ടുണ്ട്. DSR പ്രകാരം മേൽക്കൂരയുടെ റിഡ്ജസിനായി 12.51.1 എന്ന കോഡുപ്രകാരമുള്ള വിലകുറഞ്ഞ യോജിക്കുന്ന ഷീറ്റ് ഉപയോഗിക്കാതെ കൂടുതൽ വിലയുള്ള DSR code 12.4.1 ആണുപയോഗിച്ചിട്ടുള്ളത്.

ചെലവാക്കിയ തുക 37.9 x 918.49=34810.77രൂപ

ചെലവാക്കേണ്ടിയിരുന്ന തുക 37.9 x 544.20=20625.18 രൂപ

അധികമായി ചെലവഴിച്ച തുക = 14185.59 രൂപ

മേൽ പറഞ്ഞ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 1 ന മറുപടിയായി DSRcode 12.51.1 നൽകണമായിരുന്നെന്നും പകരം നൽകിയത് 12.4.1 ആണെന്നും വിശദീകരിച്ചിട്ടുണ്ട്. നഷ്ടതുകയായ 14186/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15.07.2019-16.07.2019 | കെ.എസ്.എ.റ്റി.വി.എം.ജി.പി 6/1507/2019/26.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (സുലേഖ പ്രകാരം)

2018-19 വർഷത്തെ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ വരവ് ചെലവ് നീക്കിയിരിപ്പ് തുകകൾ വാർഷിക ധനകാര്യ പത്രികയുടെ വരവ് നീക്കിയിരിപ്പുകളുമായി പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച വിശദാംശങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഓഡിറ്റ് സാക്ഷ്യപത്രത്തോടൊപ്പം നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് -RP 31 പ്രകാരമുള്ള വരവ് 2853423/- ഉം B4 പ്രകാരമുള്ള നീക്കിയിരുപ്പ് 3400/- ഉം ആണ്. എന്നാൽ സുലേഖ പ്രകാരം 904160/- ആണ് നീക്കിയിരിപ്പ്.

ബ്ലോക്ക് പഞ്ചായത്ത് പ്രകാരം വരവ് 4373505/- ഉം B4 നീക്കിയിരിപ്പ് 812240/- ഉം ആണ്. പ്രസ്തുത വ്യത്യാസങ്ങൾ സംബന്ധിച്ച് അപാകം പരിഹരിച്ചറിയിക്കേണ്ടതാണ്.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ നം/ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | 17/19-ക്ഷീരസമൃദ്ധി-പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 8500 | 79/19 കേദാരം സമഗ്ര നെൽ കൃഷി വികസനം | 5100 | 3400 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 15000 | 82/19 ജൈവസമൃദ്ധി-തരിശ്ഭൂമി കൃഷി | 0 | 15000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 540000 | 153/19 ജലശ്രീ-കിണർ റീചാർജ്ജിംഗ് | 51840 | 408160 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 560000 | 84/19 -ഹരിതഭവനം | 280000 | 280000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2009388 | 28/19- ലൈഫ് മിഷൻ-സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി | 2009388 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 120000 | 154/19- ജലശ്രീ-കിണർ റീചാർജ്ജിംഗ് | 2400 | 117600 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 484295 | 133/19- ലൈഫ് മിഷൻ-സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി | 484295 | 0 |
| | | 3837183 | | 2933023 | 904160 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 400000 | 17/19 ക്ഷീരസമൃദ്ധി-പാലിന് സബ്സിഡി | 400000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 8500 | കേദാരം സമഗ്ര നെൽ കൃഷി വികസനം | 0 | 8500 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 15000 | 82/19 ജൈവസമൃദ്ധി-തരിശ്ഭൂമി കൃഷി | 0 | 15000 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 100000 | 72/19 സാന്ത്വന പരിചരണം | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 360000 | 153/19 ജലശ്രീ-കിണർ റീചാർജ്ജിംഗ് | 34560 | 325440 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 1140000 | 02/19-സ്നേഹസ്പർശം-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1140000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 1155716 | 28/19 ലൈഫ് മിഷൻ-സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി | 1155716 | 0 |
| ബ്ളോക്ക് | 2018- | 100000 | 200/19 ബഡ്സ് | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | 19 | | സ്കൂൾ അടിസ്ഥാന സൗകര്യ വികസനം | | |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 1000000 | 205/19 പകൽ വീട്-പുതിയ കെട്ടിടം | 1000000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 80000 | ജലശ്രീ-കിണർ റീചാർജ്ജിംഗ് | 1600 | 78400 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 734389 | 133/19<br>ലൈഫ് മിഷൻ-സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി | 734389 | 0 |
| | | 5093605 | | 4666265 | 427340 |

# 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | 175/19 പാറയിൽ പുറമ്പോക്ക് കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ (KWA ഡെപ്പോസിറ്റ്) | 91000 | 91000 | 0 |
| KWA | 22/19 കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ (KWA ഡെപ്പോസിറ്റ്) | 805000 | 805000 | 0 |
| KWA | 169/19കരകുളം ഗ്രാമപഞ്ചായത്തിലെആലനട, മാഞ്ഞാംകോട്, കാച്ചാണി - തറട്ട സങ്കേതങ്ങളിൽ വിവിധ വാർഡുകളിൽ കുടിവെള്ള കണക്ഷൻ പൈപ്പ്ലൈൻ നീട്ടൽ (KWA ഡെപ്പോസിറ്റ്) | 300000 | 300000 | 0 |
| KWA | 172/19 കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ (KWA ഡെപ്പോസിറ്റ്) | 1190500 | 1190500 | 0 |
| KSEB | 23/19കരകുളം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക് ലൈൻ നീട്ടൽ (KSEB ഡെപ്പോസിറ്റ്) | 1869709 | 1869709 | 0 |
| KSEB | 173/19തെരുവ് വിളക്ക് നീട്ടൽ (KSEB ഡെപ്പോസിറ്റ്) | 1063638 | 1063638 | 0 |
| ANERT | 157/19 സോളാർ പാനൽ സ്ഥാപിക്കൽ | 880000 | 880000 | 0 |

KSEB നിർവ്വഹണ ഏജൻസിയായി 2 പദ്ധതികൾ പ്രകാരം( എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്) ചെലവഴിച്ച തുകയും AFS ൽ RP-47 പ്രകാരം ചെലവഴിച്ച തുകയും ചുവടെപ്പറയും വിധത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. KWA, KSEB ഇവയിലെ ഡെപ്പോസിറ്റ് തുകകളുടെ ബാലൻസ് B18 ഷെഡ്യൂളിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. വ്യത്യാസം വിശദീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

| നിർവ്വഹണ ഏജൻസി | RP-47 പ്രകാരം ചെലവഴിച്ച തുക | എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 2പദ്ധതികളിലായി ചെലവഴിച്ച തുക |
|---|---|---|
| KSEB | 2863204 | 2933347 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | G.O(Rt) 429/2010/lsgd dated 6.2.2010 | 40840000 | 0 | 0 | 0 | 40840000 |

ലൈഫ് പദ്ധതിയ്ക്ക് വേണ്ടി 2018-19 വർഷം ഹഡ്കോ വായ്പ ഇനത്തിൽ കെ.യു.ആർ.എഫ്.ഡി.സി യിൽ നിന്നും ലഭിച്ച 40840000/- രൂപയുടെ ചെലവ് prepaid program expense എന്ന ഹെഡ്ഡിൽ രേഖപ്പെടുത്തിയിരിക്കുന്നത് 44125104/- രൂപയായിട്ടാണ്.

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 201535752 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 184942824 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 14186 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 218680 |

<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 14186 | ശ്രീ.സഞ്ചു. പി. നായർ, അസിസ്റ്റന്റ്എഞ്ചിനീയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 18000 | ശ്രീ.സുമേഷ്.കെ.ആർ, സെക്രട്ടറി |
| 1-27 | 122400 | ശ്രീ.സുമേഷ്.കെ.ആർ, സെക്രട്ടറി |
| 1-29 | 51000 | ശ്രീ.സുമേഷ്.കെ.ആർ, സെക്രട്ടറി |
| 1-36 | 27280 | അജിത് കുമാർ,അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 218680 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.സുമേഷ്.കെ.ആർ, സെക്രട്ടറി. | ലഭ്യമല്ല | കല്ലുകണ്ടത്തിൽ,<br>കറ്റാനം.<br>പള്ളിക്കൽ പി.ഒ<br>ആലപ്പുഴ |
| 2 | അജിത്ത് കുമാർ.അസിസ്റ്റന്റ് | അസിസ്റ്റന്റ് സെക്രട്ടറി കരകുളം ഗ്രാമപഞ്ചായത്ത് | ആയില്യം<br>കരകുളം |

| | | | |
|---|---|---|---|
| | സെക്രട്ടറി | | തിരുവനന്തപുരം-695564 |
| 3 | സഞ്ചു. പി. നായർ, അസിസ്റ്റന്റ്എഞ്ചിനീയർ | അസിസ്റ്റന്റ്എഞ്ചിനീയർ, നന്ദിയോട് ഗ്രാമപഞ്ചായത്ത് | ടിസി 5/704,ചന്ദ്രിക, പത്മവിലാസം ലെയിൻ, പേരൂർക്കട, തിരുവനന്തപുരം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1189/2018 തീ.25/5/18 | 1 | |
| 2005-06 | | 2 | |
| 2006-07 | | 1 | |
| 2009-10 | | 1 | |
| 2010-11 | | 2 | |
| 2011-12 | | 3 | |
| 2012-13 | | 7 | |
| 2013-14 | | 8 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1189/2018 തീ.25/5/18 | 17 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1997/2018 തീ.18/9/18 | 12 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1680/2017 തീ.30/1/18 | 3 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2426/2018 തീ.2/7/19 | 28 | |

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്/-

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ബി.റ്റി.15.6.2020